**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2486** — **09.12.2014-ൽ മറുപടിക്ക്**

**ട്രാവൻകൂർ ടൈറ്റാനിയത്തിൽ നിലവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഓഫീസർ തസ്തിക**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ആർ.രാജേഷ്** | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| **(എ)** ട്രാവൻകൂർ ടൈറ്റാനിയത്തിൽ നിലവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഓഫീസർ തസ്തികകളുടെ എണ്ണം എത്രയാണ് എന്ന വിവരം ലഭ്യമാക്കാമോ; | **(എ)** അംഗീകരിക്കപ്പെട്ട ഓഫീസർ തസ്തികകളുടെ എണ്ണം **126** ആണ്. |
| **(ബി)** നിലവിൽ എത്ര ഓഫീസർമാരാണ് പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്യുന്നത് എന്ന് അറിയിക്കുമോ; | **(ബി)** നിലവിൽ 106 (നീണ്ട അവധി/ഡെപ്യൂട്ടേഷൻ ഉൾപ്പെടെ) പേരാണ് ഓഫീസർ തസ്തികയിൽ ജോലി ചെയ്യുന്നത്. |
| **(സി)** പ്രസ്തുത സ്ഥാപനത്തിലേയ്ക്ക് എക്സിക്യൂട്ടീവ് ട്രെയിനികളെ റിക്രൂട്ട് ചെയ്യാൻ തീരുമാനിക്കുകയുണ്ടായോ;<br>**(ഡി)** എങ്കിൽ എത്ര പേരെ റിക്രൂട്ട് ചെയ്യുവെന്നും റിക്രൂട്ട് ചെയ്യുവാനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ; | **<u>(സി) യും (ഡി)യും</u>**<br>എക്സിക്യൂട്ടീവ് ട്രെയിനി എന്ന തസ്തിക കമ്പനിയിൽ ഇല്ല. എന്നാൽ കമ്പനിയിലെ അസിസ്റ്റന്റ് പ്ലാന്റ് മാനേജർ തസ്തികയിൽ സ്ഥിര നിയമനം നടത്തുന്നതിലേയ്ക്കായി മാനേജ്മെന്റ് ട്രെയിനി (കെമിക്കൽ) തസ്തികയിലെ മൂന്ന് ഒഴിവുകൾ 29.10.2014 ൽ കമ്പനി വിജ്ഞാപനം ചെയ്തിട്ടുണ്ട്. |
| **(ഇ)** എക്സിക്യൂട്ടീവ് ട്രെയിനികൾക്ക് സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ? | **(ഇ)** മാനേജ്മെന്റ് ട്രെയിനികൾക്ക് സർക്കാരിൽ നിന്നും ആനുകൂല്യങ്ങളൊന്നും നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ